# എന്നും കൂടെയുള്ളവൻ

## മത്തായി 28:20

“ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു.”

നമ്മുടെ കർത്താവായ യേശു ക്രിസ്തു മരിച്ചുയിർത്തെഴുന്നേറ്റ് ഈ ലോകത്തിൽ നിന്ന് സ്വർഗ്ഗാരോഹണം ചെയ്യുന്നതിന്നു മുമ്പ് തന്റെ ശിഷ്യന്മാരെ കൽപിച്ചാക്കിവെച്ചതിന്നു ശേഷം അവരോടായി പറഞ്ഞുറപ്പിക്കുന്ന വാക്യമാണ് നാം മേൽവായിച്ചത്. പഴയനിയമത്തിൽ യോർദ്ദാൻ നദി കടപ്പാൻ കടന്നു പോകാനിരിക്കുന്ന ജനത്തിന്റെ മദ്ധ്യത്തിലേക്ക് ദൈവത്തിൽ നിന്നുള്ള അരുളപ്പാടുകൾ ലഭിച്ച് മടങ്ങി വന്നവനായ മോശ ജനത്തെ പറഞ്ഞുറപ്പിക്കുന്നിടത്ത് മേൽകണ്ടതുപോലെ ഒരു ദൈവീക വാഗ്ദത്തം നൽകുന്നതായി നമുക്ക് കാണാം; ‘ബലവും ധൈര്യവുമുള്ളവരായിരിപ്പിൻ; അവരെ പേടിക്കരുതു, ഭ്രമിക്കയുമരുതു; നിന്റെ ദൈവമായ യഹോവ തന്നേ നിന്നോടുകൂടെ പോരുന്നു; അവൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല’ (ആവർത്തനപുസ്തകം 31:6). ദൈവം അന്നും ഇന്നും എന്നും അനന്യൻ ആണെന്നതിനുള്ള ഒരു ഉത്തമ തെളിവാണ് ഈ വാക്യങ്ങൾ. തന്നിൽ ശരണം പ്രാപിക്കുന്നവരെ ഒരു നാളും കൈവിടാത്ത നല്ല ദൈവമാണവൻ. അത് നമ്മുടെ ജീവിതത്തിന്റെ ഏതു സാഹചര്യത്തിലായാലും അതിനെല്ലാം മീതെ കവിയുന്ന ദൈവീകസമാധാനത്തിൽ അവൻ നമ്മെ കാക്കും എന്നുള്ളത് ദൈവത്തിന്റെ വഗ്ദത്തമാണ്. എന്നാൽ ഈ ദൈവത്തിന്റെ സാന്നിദ്ധ്യത്തെയോ, അവന്റെ വാഗ്ദത്തങ്ങളെയോ ജീവിതത്തിൽ വേണ്ടും വിധം കാണുവാനും അറിയുവാനും നമുക്കിന്ന് സാധിക്കുന്നുണ്ടോ?.

ഒരിക്കൽ ശിഷ്യന്മാരുമായി പടകിൽ ഒരു കരയിൽ നിന്നു മറുകരയിലേക്ക് പോയിക്കൊണ്ടിരിക്കുമ്പോൾ വലിയ ചുഴലിക്കാറ്റുണ്ടായി, ശിഷ്യന്മാർ ഭയചികിതരായി പടകിന്റെ അരികിൽ കിടന്നുറങ്ങുകയായിരുന്ന കർത്താവിനെ തട്ടിയുണർത്തി അവനോട് തങ്ങളുടെ പരിഭവം പറയുന്നതായി കാണാം. അവിടെ കർത്താവ് കാറ്റിനെയും കടലിനെയും ശാസിക്കുകയും പടക് നിയന്ത്രണ വിധേയമാകുകയും ചെയ്തു. എന്നാൽ കർത്താവ് ശിഷ്യന്മാരോടായി ചോദിക്കുന്നുണ്ട് ‘നിങ്ങൾക്കു ഇപ്പോഴും വിശ്വാസമില്ലയോ?’ പ്രിയരേ, ശിഷ്യന്മാർ കർത്താവിനെ നന്നായി അറിഞ്ഞവരാണ്. അവനോടൊപ്പം ഓരോരോ പട്ടണങ്ങൾ തോറും കടന്നു ചെന്ന് കർത്താവ് പ്രവർത്തിച്ച അത്ഭുതങ്ങളെ കണ്ടവരാണ്. എന്നിരുന്നാലും ഈ അറിവൊക്കെയും അവർക്ക് അവരുടെ ബുദ്ധിമണ്ഡലങ്ങളിൽ മാത്രം

ഇരിക്കുന്ന ഒന്നായി മാറ്റപ്പെട്ടു. മറിച്ച് ഈ കർത്താവിന്റെ ബലത്തിലും മഹിമയിലും പൂർണ്ണമായ ഒരുറപ്പും വിശ്വാസവും ഉണ്ടാകുന്ന തലത്തിലേക്ക് അവനുമായ് ഒരു അനുഭവവേദ്യമായ ബന്ധം ഇല്ലാതെ വന്നു. അതുകൊണ്ടല്ലേ, കർത്താവ് താൻ മനുഷ്യരെ പിടിക്കുന്നവനാക്കും എന്നു പറഞ്ഞ് വിളിച്ചു വേർതിരിച്ചവനായ പത്രോസ് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു ശേഷം തന്റെ കൂടെയുണ്ടായിരുന്നവരെയും കൂട്ടി വീണ്ടും മീൻപിടുത്തമെന്ന തങ്ങളുടെ പഴയ തൊഴിലിലേക്ക് തിരിഞ്ഞത്. അതുവരെയും കർത്താവുമായി വേണ്ട രീതിയിലുള്ള ഒരു ബന്ധം പുലർത്തുവാൻ പത്രോസിനായില്ല. എന്നാൽ കർത്താവ് അവിടെ പത്രോസിനെ യഥാസ്ഥാനപ്പെടുത്തുന്നതായി നമുക്ക് കാണാം (യോഹന്നാൻ 21:15-17).

പ്രിയ ദൈവപൈതലേ, ഒരുപക്ഷെ നാളുകളായി നാം ഈ ദൈവവചനം വായിക്കുകയും, കേൾക്കുകയും, പഠിക്കുകയും, ഗ്രഹിക്കുകയുമൊക്കെ ചെയ്യുന്നവരാകാം. എന്നാൽ അതെല്ലാം നമ്മുടെ ബുദ്ധിവികാസത്തിനോ മറ്റുള്ളവരുമായി വാഗ്വാദങ്ങളിൽ ഏർപ്പെടുന്നതിനോ മറ്റോ ഉതകുന്ന തരത്തിലാണെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. കാരണം അതുകൊണ്ട് മാത്രം കർത്താവുമായി നമുക്ക് ഒരു അനുഭവവേദ്യമായ ബന്ധം ഉണ്ടെന്ന് പറയാൻ സാധിക്കുകയില്ല. ദൈവത്തിന്റെ വചനം സങ്കീർത്തനങ്ങളിൽ ഇപ്രകാരം പറയുന്നു, 'യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ' (സങ്കീർത്തനം 34:8). ഇന്ന് ആരാണോ അവന്റെ മാധുര്യം നുകർന്ന് അതു തേനിലും മാധുര്യമേറിയതാണെന്ന് അനുഭവിച്ചറിയുന്നത്, അവർക്കു മാത്രമേ കർത്താവ്, എന്നും നമ്മോടു കൂടെ, നമ്മെ രക്ഷിപ്പാൻ, സഹായിപ്പാൻ ഉണ്ടെന്നുള്ള ഒരുറപ്പും വിശ്വാസവും ഉണ്ടാകുകയുള്ളൂ. അതുവഴി ഏതു പ്രതിസന്ധിഘട്ടങ്ങളെയും നിഷ്പ്രയാസം നേരിടുവാൻ ഇടയായിത്തീരും. അപ്രകാരം കർത്താവിനെ രുചിച്ചറിവാൻ, അവനുമായി അനുഭവവേദ്യമായ ഒരു ബന്ധം പുലർത്തുവാൻ ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

1 രാജാക്കന്മാർ 8:57

നമ്മുടെ ദൈവമായ യഹോവ നമ്മുടെ പിതാക്കന്മാരോടുകൂടെ ഇരുന്നതുപോലെ നമ്മോടു കൂടെയും ഇരിക്കുമാറാകട്ടെ; അവൻ നമ്മെ കൈവിടുകയോ ഉപേക്ഷിക്കുകയോ ചെയ്യരുതെ.

ബ്രദർ. ബിനു ബേബി ആലപ്പുഴ 179